**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - കായംകുളം നഗരസഭയിൽ സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എൽ.മിനിമോൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 557/20 നമ്പർ കേസിലെ 17/03/2020 തീയതിയിലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. **1285**/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 07.07.2021

---

പരാമർശം :

1. കായംകുളം നഗരസഭയിൽ സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എൽ.മിനിമോൾ സർക്കാരിൽ സമർപ്പിച്ച 24.10.2019 തീയതിയിലെ അപ്പീൽ (അനക്ഷർ എ 9)
2. ശ്രീമതി.എൽ.മിനിമോൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 557/20 നമ്പർ കേസിലെ 17/03/2020 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 24.05.2021 തീയതിയിലെ ഇ 3-10239/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കായംകുളം നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എൽ.മിനിമോൾ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം 28/10/2005 ൽ സേവനത്തിൽ പ്രവേശിച്ച തനിക്ക് പി.എസ്.സി. യുടെ 10/03/2005 ലെ ശിപാർശ പ്രകാരമാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നതിനാൽ 10/03/2005 തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കണമെന്നും, സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കണമെന്നും, ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 557/20 നമ്പർ കേസിലെ 17/03/2020 തീയതിയിലെ വിധിന്യായം പ്രകാരം ടിയാളുടെ അനക്ഷർ എ 9 അപ്പീലിൽ സർക്കാരിൽ നിന്നും ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.എൽ.മിനിമോളുടെ അപ്പീൽ അപേക്ഷയിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, കായംകുളം നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.എൽ.മിനിമോൾക്ക് പി.എസ്.സി. യുടെ 22/09/05 ലെ REIII (1) 760/97 നമ്പർ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരകാര്യ

ഡയറക്ടറുടെ 15/10/2005 ലെ ബി7-1/2003 (3) നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകുകയും 28/10/2005 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പി.എസ്.സി. യുടെ 22/09/05 ലെ REIII (1) 760/97 കത്ത് പ്രകാരം ടിയാളുടെ നിയമനം 10/03/2005 ലെ ശിപാർശയിൽ ഉൾപ്പെടുത്തിയതായി അറിയിച്ചിരുന്നു.

3. ശ്രീമതി.എൽ.മിനിമോൾക്ക് 10/03/2005 തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കണമെന്നും 04/10/2010 ൽ പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ആയി ലിസ്റ്റിൽ ടിയാളുടെ സ്ഥാനം 09/04/2010 ൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ടിയാളുടെ മുൻപിലായി ക്രമപ്പെടുത്തണമെന്നും ആവശ്യപ്പെട്ടാണ് ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ 557/20 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളത്. നഗരകാര്യ ഡയറക്ടറുടെ 09/04/2010 ലെ ഇ 3-4343/10 നമ്പർ ഉത്തരവിലാണ് ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. ടി ഉത്തരവിൽ ജീവനക്കാരുടെ സീനിയോറിറ്റി ക്രമത്തിലായിരുന്നില്ല ജീവനക്കാരെ ഉൾപ്പെടുത്തിയിരുന്നത്.

4. ശ്രീമതി.മിനിമോൾ എൽ-ന്റെ എൽ.ഡി.സി/ബി.സി. തസ്തികയിലേക്കുള്ള 22/09/2005-ലെ REIII (1) 760/97 നമ്പർ ശിപാർശ കത്തിൽ EEA 10/03/2005 എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി തീയതിയിലെ അഡ്വൈസ് ലിസ്റ്റിൽ ടിയാളുടെ സ്ഥാനം നിർണ്ണയിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. 10/03/2005 തീയതിയിലെ അഡ്വൈസ് ലിസ്റ്റിൽ 229 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. ഇതിൽ ക്രമ നം.1 ശ്രീ.മോഹൻ സി.യും 229 ആയി ശ്രീമതി.രേഖ വി.എസ്സും ആയിരുന്നു. അഡ്വൈസിന്റെ മുൻകാലപ്രാബല്യതീയതി (Early Effected Advice(EEA)) 10/03/2005 ആണെങ്കിലും ടി അഡ്വൈസിൽ ശ്രീമതി.മിനിമോൾ എൽ-ന്റെ സ്ഥാനം നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ടി തീയതിയിലെ അഡ്വൈസ് ലിസ്റ്റിൽ അവസാനത്തെ ക്രമനമ്പറായി ഉൾപ്പെടുത്തിയാണ് ടിയാളുടെ എൽ.ഡി.സി/ബി.സി. തസ്തികയിലെ സീനിയോറിറ്റി നിശ്ചയിച്ചിട്ടുള്ളത്.

5. സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് ക്രമ പ്രകാരം അല്ലാത്തതിനാൽ ഇതിനെതിരെ ശ്രീ.രാംപ്രസാദ് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23/09/2016 ലെ സ.ഉ (സാധാ) 2719/16/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 04/10/2019 ലെ ഇ 3-9452/16 Vol.III നമ്പർ ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് 14/01/2020 ലെ ഇ 3-9452/16 Vol.IV ഉത്തരവ് പ്രകാരം 31/07/2013 അടിസ്ഥാനമാക്കിയിട്ടുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് ഭേദഗതി വരുത്തി അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിൽ 14/02/2005

നിയമന തീയതി ആയിട്ടുള്ള ശ്രീ.വിൽസെൻ കെ.ജി. ക്രമ നം. 741 ആയും 10/03/2005 ലെ പി.എസ്.സി. ശിപാർശ ലിസ്റ്റിലെ ഒന്നാമനായ ശ്രീ.മോഹൻ സി. ക്രമ നം.742 ആയും ടി ശിപാർശ ലിസ്റ്റിൽ അവസാനമായി ശ്രീമതി.മിനിമോൾ എൽ-നെ (ക്രമ നം.799) പേര് ചേർത്തും ക്രമപ്പെടുത്തിയിട്ടുള്ളതാണ്. 10/03/2005 ലെ പി.എസ്.സി. യുടെ ശിപാർശ ലിസ്റ്റിൽ ശ്രീമതി.മിനിമോൾ എൽ-ന്റെ ക്രമ നം. നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ആയത് വ്യക്തത വരുത്തുന്നതിന് 24/05/21 ലെ ഇ 3-10239/2020 നമ്പർ കത്ത് പ്രകാരം പി.എസ്.സി.യിൽ കത്ത് നൽകിയിട്ടുള്ളതാണ് എന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി പുനഃക്രമീകരിക്കേണ്ടതുണ്ടെങ്കിൽ ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, 10/03/2005 ലെ പി.എസ്.സി. യുടെ ശിപാർശ ലിസ്റ്റിൽ ശ്രീമതി.മിനിമോൾ എൽ-ന്റെ ക്രമ നം. നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ആയത് വ്യക്തത വരുത്തുന്നതിന് പി.എസ്.സി.യിൽ കത്ത് നൽകിയിട്ടുള്ളതായും, ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി പുനഃക്രമീകരിക്കേണ്ടതുണ്ടെങ്കിൽ ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ലഭിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.എൽ.മിനിമോളുടെ അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17/03/2020 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.എൽ.മിനിമോൾ, സീനിയർ ക്ലാർക്ക്, കായംകുളം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ